ശ്രീ. എ. കെ. പാച്ചുപിള്ള : ഇപ്പോഠംതന്നെ കടിശ്ശികയിനത്തിൽ ഭീമമായ നഷ്ടം ഗവമ്മെണ്ടിനു് വന്നിരിക്കുന്നതുകൊണ്ടു് മേലാലെങ്കിലും കൺട്രാക്ടർമാരോടു് ഗാരൻറി വാങ്ങിക്കണമെന്നുള്ള വിചാരം ഗവമ്മെണ്ടിനുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതു് ആലോചിച്ചു തീരുമാനിക്കേണ്ട ഒരു കാര്യമാണു്.

ജൂഡീഷ്യറിയും എക്സിക്യൂട്ടീവും

*നൂറ്റമ്പത് (൧൫൦) ശ്രീ. പി. നാണു : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ?

ജൂഡീഷ്യറിയെ, എക്സിക്യൂട്ടീവിൽ നിന്നും വേർപെടുത്താൻ എന്തെങ്കിലും നടപടി ഗവമ്മെണ്ടു് ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഈ ചോദ്യത്തിനു് ഞാൻ മുമ്പുതന്നെ ഉത്തരം പറഞ്ഞിട്ടുണ്ടു്.

ശ്രീ. പി. നാണു : എനിക്കു് ഒരു ഉപചോദ്യമേയുള്ളൂ. ജൂഡീഷ്യറിയും എക്സിക്യൂട്ടീവും വേർ തിരിക്കുന്നതിനുള്ള സ്കീം ഇതുവരെ കൊണ്ടുവരാതിരിക്കുന്നതിനുള്ള കാരണമെന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള : അതു നടപ്പാക്കാനാലോചിക്കുന്നുണ്ടു്.

ശ്രീ. പി. നാണു : എപ്പോഴാണു് നടപ്പാക്കാൻ പോകുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള : സമയം കൃത്യമായി പറയാൻ നിവൃത്തിയില്ല.

കടികിടപ്പുകാരുടെ റജിസ്ട്രേഷൻ

*നൂറ്റി൯ (൧൫൯) ശ്രീ. പി. നാണു : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഇടവക അധികൃതരുടെ വസ്തുക്കളിൽ കുടികിടക്കുന്നവർ കുടികിടപ്പു റജിസ്റ്റർ ചെയ്യാൻ എവിടെയാണു് അപേക്ഷിക്കേണ്ടതു്;

(ബി) അപേക്ഷ വാങ്ങുന്ന ഉദ്യോഗസ്ഥൻ, അപേക്ഷ ഏറ്റിരിക്കുന്ന എന്ന സംഗതിക്കു് അപേക്ഷകനു രസീതികൊടുക്കണമെന്നു് വ്യവസ്ഥചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : (എ) അതാതു പകൃതികച്ചേരികളിൽ.

(ബി) പ്രത്യേകമായി നിർദ്ദേശം കൊടുക്കേണ്ട ആവശ്യമുണ്ടെന്നു് ഗവമ്മെണ്ടിനു തോന്നിയിരുന്നില്ല.

ശ്രീ. പി. നാണു : ഇടവക പകൃതികച്ചേരികളിൽ ഗവമ്മെണ്ടിനു് കാര്യമില്ലെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതു മെമ്പർക്കുതന്നെ അറിവുള്ളതാണല്ലോ.

ശ്രീ. പി. നാണു : ഇടവകയിലെ ഉദ്യോഗസ്ഥന്മാർ ഗവമ്മെണ്ടു് ജീവനക്കാരാണോ? ഇടവക ജീവനക്കാരുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അവർ ഇടവക ഉദ്യോഗസ്ഥന്മാരാണു്.

ശ്രീ. പി. നാണു : ഇടവക ഉദ്യോഗസ്ഥന്മാരുടെ അടക്കൽ എന്തെങ്കിലും ഹർജിയോ മറ്റോ കൊടുക്കുകയാണെങ്കിൽ അവർ അതു മാറിക്കളയുന്നതായിട്ടു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇതുവരെ അങ്ങനെ പരാതി ഉണ്ടായിട്ടില്ല. അങ്ങനെ വരുന്ന സമയത്തു് ആലോചിക്കാവുന്നതാണു്.

ശ്രീ. പി. നാണു : ഇടവകയിലേക്കു് കൊടുക്കുന്ന ഹർജികളെപ്പറ്റി അന്വേഷിക്കുന്നതാരാണു്.

ശ്രീ. ടി. കെ. നാരായണപിള്ള : ഇടവകയിലെ പാവ്വത്യക്കാരന്മാരാണു്.

ശ്രീ. പി. നാണു : ഇടവകയെ സംബന്ധിച്ചു കൊടുക്കുന്ന ഹർജികൾ ഇടവകക്കു്

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലമായിട്ടാണ് ഈ പാവപ്പെട്ടവരുടെ കാര്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് എന്നറിയാമോ?

Mr. Speaker: That is a matter of opinion.

DEPUTATION TO THE PRIME MINISTER

*685. [11] **Sri. A. K. George:** Will the Hon'ble the Chief Minister be pleased to state.—

(*a*) did the Government send any representative to Ceylon during India's Prime Minister's visit to the Island for some discussion with him about the condition of our people working there, as per the assurance given to the House by the Hon'ble Chief Minister;

(*b*) if not, what was the reason for not sending a representative?

Sri. T. K. Narayana Pillai: (*a*) No.

(*b*) Representations have been made to the Government of India in New Delhi.

Sri. A. K. George: May I know whether the Government are aware of the fact that the Chief Minister gave an assurance to this House that a representative will be sent to Ceylon for discussion with the Prime Minister of India on the matter?

Sri. T. K. Narayana Pillai: What the Chief Minister said was that if it possible a deputation will be sent to Ceylon in connection with that question. But it was not possible to do that at the time and so in its place representations were made to the Government of India.

Sri. A. K. George: May I know what is the result of that?

Sri. T. K. Narayana Pillai: It is still pending with the Government of India.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: പണ്ഡിറ്റ് നെഹ്റു സിലോണിലേക്ക് പോയതിനുശേഷമാണോ റെപ്രസന്റേഷനയച്ചത്?

ശ്രീ. ടി. കെ. നാരായണപിള്ള: പണ്ഡിറ്റ് നെഹ്റു സിലോണിൽ പോകുന്ന സമയത്തു് ഇവിടെ സന്ദർശിക്കണമെന്നും അദ്ദേഹത്തെ കാണേണ്ട ആവശ്യമുണ്ടെന്നും ഇവിടെനിന്നു എഴുതി അറിയിച്ചിരുന്നു. എന്നാൽ ആ ഘട്ടത്തിൽ അദ്ദേഹത്തിനു് ഇവിടെ വരുന്നതിനു സാധിച്ചില്ല. അതിനു ശേഷമാണു് റെപ്രസെന്റേഷനയച്ചതു്.

ശ്രീ. എ. കെ. ജോഷ്വാ: ആരാണു് റെപ്രസെന്റേഷൻ കൊടുത്തതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെണ്ടിൽ നിന്നു അയച്ചു. അത്രയുള്ളു.

ശ്രീ. എം. ഐ. പോരം: എന്തിനാണു് നിവേദനം അയച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ചോദ്യത്തിൽ തന്നെ പറഞ്ഞിട്ടുണ്ടു്.

ശ്രീ. സി വി. ഇയ്യു: അതിൽ സിലോണിൽ താമസിക്കുന്ന ഇവിടത്തുകാരുടെ അവസ്ഥയെപ്പറ്റി പറഞ്ഞിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനുതന്നെയാണു് റെപ്രസെന്റേഷൻ കൊടുത്തതു്.

Sri. A. K. George: May I know whether such representations were made in the way they ought to at the time?

Sri. T. K. Narayana Pillai: Representations have been made in the proper way.

Sri. A. K. George: May I know what is the proper method for the making of representations to the Government of India?

Sri. T. K. Narayana Pillai: There are many proper methods.

Sahib Bahadur Abdul Razaak: May I know whether the hardships experienced by Malayalis of our country are anything different from the hardships experienced by other Indians inhabiting Ceylon?

Sri T. K. Narayana Pillai: May be identical. But this Government is concerned with the people belonging to this Union.

Sri. A. Nesamony: May I know whether the Government would simplify the procedure in the matter of representations to Government of India?

Sri. T. K. Narayana Pillai: But it is the Government who have to decide the matter.

*686 [12] Not put by the member.

LIBRARY ARCHIVES Kerala Legislative Assembly